(സി) ഈ വകുപ്പ് ഇതിനകം എത്ര അഴിമതിക്കേസുകൾ പിടിച്ചിട്ടുണ്ട്; ഇതിൽ എത്ര കേസുകളിൽ കുറ്റക്കാർക്ക് ശിക്ഷ നൽകിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) സംസ്ഥാനത്തെ അഴിമതി നിവാരണ വകുപ്പിന്റെ പ്രവർത്തനത്തിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. അഴിമതി നിവാരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനു 16-6-55-ലെ ഗവണ്മെന്റ് ഓർഡർ അനുസരിച്ച് സെക്രട്ടറിയേറ്റിൽ ഒരു പുതിയ ഡിപ്പാർട്ടുമെന്റ് സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഈ മാറ്റം വരുത്താനുള്ള കാരണങ്ങൾ അഴിമതി നിവാരണവകുപ്പ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, ഗവണ്മെന്റ് കാര്യങ്ങൾ നടത്തുന്നതിനുള്ള താമസങ്ങൾ ഇല്ലാതാക്കുന്നതിനും വേണ്ടിയാണ്.

(സി) ഈ ഡിപ്പാർട്ടുമെന്റിലേയ്ക്ക്, ഈ ചോദ്യം തയാറാക്കുന്നതിയതിവരെ, 1805 പരാതികൾ അയച്ചിട്ടുണ്ട്. ചിലതെല്ലാം ഡിപ്പാർട്ടുമെന്റിൽ നേരിട്ട കിട്ടിയവയാണ്. അവയിൽ 1285 പരാതികൾക്ക് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. റിപ്പോർട്ട് കിട്ടിയിട്ടില്ല. ബാക്കിയുള്ളവയിൽ 7 കേസുകളിൽ കുറ്റക്കാർക്ക് ശിക്ഷ നൽകിയിട്ടുണ്ട്.

ശ്രീ. ടി. എ. മജീദ്: ഈ കുറ്റങ്ങളുടെ സ്വഭാവം എന്താണെന്നു പറയുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ശിക്ഷിച്ച കുറ്റങ്ങളാണെങ്കിൽ അതൊക്കെ പത്രക്കുറിപ്പുകളും പ്രസ്സ്നോട്ടുകളും വഴി അറിഞ്ഞിട്ടുണ്ട്. എന്റെ ഓർമ്മ വച്ചു പറയുകയാണെങ്കിൽ അതു് എക്സാക്റ്റ് ആയിരിക്കുകില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഈ പ്രത്യേക വകുപ്പുദ്യോഗസ്ഥന്മാർ സംഘടനകളും വ്യക്തികളും അയയ്ക്കുന്ന പരാതികൾ അന്വേഷിക്കുന്നതിനു് അധികാരം നൽകിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവണ്മെന്റിനു കിട്ടുന്ന ആക്ഷേപങ്ങൾ അയച്ചുകൊടുക്കുന്നതും അന്വേഷിക്കുന്നതുമാണ്. അതിനും പുറമേ മറ്റുള്ള പരാതികളും അയച്ചുകൊടുത്തിട്ടുണ്ട്.

WRITTEN ANSWERS

ഡെവലപ്പുമെന്റ് വക്കുകൾ.

* 87. [26] ശ്രീ. എം. എം. മത്തായ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) 1953-54 വർഷത്തിൽ പഞ്ചായത്തുകളിലേയും മുനിസിപ്പാലിറ്റികളിലേയും ഡവലപ്പുമെന്റ് വക്കുകൾക്കായി വല്ല തുകയും അനുവദിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എത്ര രൂപ;

(സി) അതിൽ എത്ര രൂപ ചെലവായി;

(ഡി) 1954-55-ൽ ചെലവാക്കുന്നതിനുവേണ്ടി ഇനത്തിൽ വല്ല തുകയും അനുവദിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിൽ എത്ര രൂപ ഇതിനകം ചെലവായി?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) 1953–54 വർഷത്തിൽ ലോക്കൽ ഡവലപ്പ്മെൻറ് വർക്കുകൾക്കായി യാതൊരു തുകയും അനുവദിച്ചിട്ടില്ല.

(ബി) & (സി) (എ)–യുടെ ഉത്തരത്തിൻറെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉണ്ട്. ടി ഇനത്തിൽ 30,85,000 രൂപ അനുവദിച്ചിട്ടുണ്ടായിരുന്നു.

(ഇ) പ്രസ്തുത തുകയിൽ നിന്നും 1955 മാർച്ച് അവസാനം വരെ 1,085,48 രൂപ ചെലവായിട്ടുണ്ട്.

ക്ഷയരോഗസർവ്വെ.

* 88. [27] ശ്രീ. എം. എം. മത്തായി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു ക്ഷയരോഗസർവ്വെ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നു നടത്തി;

(സി) സംസ്ഥാനത്തെ ക്ഷയരോഗികളുടെ എണ്ണം എത്ര;

(ഡി) ക്ഷയരോഗനിവാരണത്തിനു് എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാം;

(ഇ) അടുത്ത പഞ്ചവത്സരപദ്ധതിയിൽ ക്ഷയരോഗനിവാരണത്തിനു വല്ല പദ്ധതിയും ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) എന്തെല്ലാം?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) വ്യാപകമായ രീതിയിൽ ബി. സി. ജി. കുത്തിവയ്പ് നടത്തിവരുന്നു. കൂടാതെ നിലവിലുള്ള ക്ഷയരോഗാശുപത്രികളിൽ കൂടുതൽ വാർഡുകൾ പണി കഴിപ്പിക്കുക, താലൂക്ക് ഹെഡ്കോർട്ടേഴ്സ് ആശുപത്രികളിൽ റ്റി. ബി. സി. വാർഡുകൾ പണി കഴിപ്പിക്കുക, നിലവിലുള്ള റ്റി. ബി. ക്ലിനിക്കുകളിൽ കിടക്കകൾ വർദ്ധിപ്പിക്കുക, പുതുതായി ക്ഷയരോഗ ആശുപത്രികൾ സമാപിക്കുക മുതലായ നടപടികളും എടുത്തുവരികയാണ്.

(ഇ) ഉണ്ട്.

(എഫ്) ബി. സി. ജി. കുത്തിവയ്പ് രാജ്യവ്യാപകമായി തുടരുന്നതിനും, പുതിയ ക്ഷയരോഗാശുപത്രികൾ സ്ഥാപിക്കുക, നാഗർകോവിലിലും മുളംകുന്നത്തുകാവിലും, കൂടുതൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനു വാർഡുകൾ പുതുതായി പണി കഴിപ്പിക്കുക, കോട്ടയം, തൃശ്ശൂർ, പാലക്കാട്, കൊല്ലം എന്നിവിടങ്ങളിലെ ക്ലിനിക്കുകളിലും, റ്റി. ബി. സെൻറ്റിലും കിടക്കകൾ വർദ്ധിപ്പിക്കുക, ഓരോ താലൂക്കിലേയും പ്രധാന ആശുപത്രിയോടനുബന്ധിച്ച് ക്ഷയരോഗചികിത്സയ്ക്കായി Isolation

LIBRARY ARCHIVES Kerala Legislative Assembly